# ഇടനിലക്കാരില്ലാത്ത ഇടപാടുപത്രം

ബിജു.എസ്.ബാലൻ

തിരക്കിന്റെ തിരക്കാണ് മഹാനഗരം എന്ന അന്ധവിശ്വാസം ചെന്നൈയിലെ പത്രങ്ങൾ വരെ സ്ഥിരം എഴുതുന്നു. അപ്പോൾപ്പിന്നെ ദിനമണി, ദിനതന്തി, ദിനമലർ തുടങ്ങി ദിനം തോറും ഇറങ്ങുന്ന കെട്ടു കണക്കിന് ദിനപത്രങ്ങൾ ആരാണ് സ്വസ്ഥതയോടെയിരുന്ന് വായിക്കുന്നത് എന്ന് ഇവർ സ്വയം ചോദിക്കില്ല. 'ദ ഹിന്ദു' മുതൽ ചെറുകിട പത്രങ്ങൾ വരെ മാർക്കറ്റ് ശ്രദ്ധയോടെ നിരീക്ഷിച്ച് ഉറക്കമില്ലാതെ കിടക്കുമ്പോൾ യുദ്ധങ്ങളും രാഷ്ട്രവ്യവഹാരങ്ങളും ആലോചിച്ച് മെനക്കെടാത്ത ഒരു 'മഞ്ഞ'പത്രം ചെന്നൈയിൽ വിലസുന്നു. നിറം മഞ്ഞയായതുകൊണ്ടു മാത്രമാണിവൻ മഞ്ഞപത്രമാകുന്നത്. "കാര്യം അറിയണമെങ്കിൽ വഴിയിൽ കാണുന്ന ഓരോരുത്തരോടും ചോദിച്ചു മടുക്കു അല്ലെങ്കിൽ ഞങ്ങളുടെ അടുത്തു വരു" എന്ന് ആത്മവിശ്വാസത്തോടെ പറയുന്ന ഗെറ്റിറ്റ് (GETIT) യെല്ലോ പേജസ് ശൃംഖലയെ അറിയാമല്ലോ. ഇന്ത്യൻ ടെലഫോൺ ഡയറക്ടറിയെ പ്രൊഫഷണലൈസ് ചെയ്ത ഇവരുടെ പത്രരൂപമാണ് ചെന്നൈ, ബാംഗ്ലൂർ, ഡെൽഹി, ഹൈദ്രബാദ്, കൊൽക്കൊത്ത എന്നിവിടങ്ങളിൽ ഇറങ്ങുന്ന ഫ്രീ ആഡ്സ് (FREE ADS) എന്ന വ്യാഴാഴ്ചതോറുമിറങ്ങുന്ന പരസ്യപത്രം.

പരസ്യങ്ങൾക്കുവേണ്ടി ഓടി നടന്ന് അവസാനം ആ ബലത്തിൽ 'ഗൗരവമേറിയ വിഷയങ്ങൾക്കിടയിൽ ടിവിയിലും അച്ചടിമാധ്യമത്തിലും പരസ്യങ്ങൾ സ്ഥലം കൈയ്യേറുന്നു' എന്ന് നാണമില്ലാതെ വിളിച്ചു പറയുന്നത് ഇന്ത്യൻ മാധ്യമസ്വഭാവം പരസ്യങ്ങൾ മാത്രമുള്ള പത്രമാണ് ചെന്നൈയിൽ വ്യാഴാഴ്ച രാവിലെ 6മണിക്ക് പുറത്തിറങ്ങുന്ന ഫ്രീ ആഡ്സ് പകുതി മുക്കാലും ഉച്ചക്ക് 12 മണിയോടെ വിറ്റുതീരുന്നു. 68 പേജും10 രൂപയുമായി എത്തുന്ന ഈ പത്രം 'ചെന്നൈയിൽ നന്നായി വില്ക്കുന്ന പത്രം' എന്നു മാത്രമേ അവകാശപ്പെടുന്നുള്ളു. കാരണം, ABCD പറഞ്ഞ് 1, 2, 3 എന്നിങ്ങനെ കൃത്യമായ പ്രചാരം പറഞ്ഞാൽ ഇൻകംടാക്സുകാരന്റെ പിന്നിൽ നിന്ന് മാറാൻ സമയം കിട്ടില്ല !

## ചെന്നൈ വിശേഷം

800 വിഭാഗമായി, നല്ല പട്ടികളുടെ മുതൽ നല്ല പണി അറിയാവുന്ന മനുഷ്യരുടെ വരെ 30 വാക്കിൽ കവിയാത്ത പരസ്യം ഇതിൽ കാണാം. ഇതിൽ പരസ്യം ചെയ്യാൻ പൈസ വേണ്ട എന്നതാണ് പ്രധാന കാര്യം. പലപ്പോഴും തങ്ങൾക്കു കിട്ടുന്നതിൽ പകുതി മാത്രമേ പരസ്യപ്പെടുത്താൻ പറ്റുകയുള്ളൂ എന്നും ഇതിൽ പബ്ലിഷർമാർ എഴുതാറുണ്ട്. (68 പേജും 30 വാക്ക് പരസ്യങ്ങൾ കനകനാ കുന്നുകൂടിക്കിടക്കുകയാണെന്നോർക്കണം.)

വീട് വാടകയ്ക്ക് എന്നതാണ് ഇതിലെ ചൂടൻ ഇനം. വ്യാഴാഴ്ച രാവിലെ ഇറങ്ങുന്ന പത്രത്തിലെ മൂന്ന് പേജ് നിറഞ്ഞ് കിടക്കുന്ന നൂറുകണക്കിന് ഒഴിഞ്ഞ വീടുകളിൽ വെള്ളിയാഴ്ച ഉച്ചയ്ക്ക് ഫോൺ വിളിച്ചു ചോദിക്കുമ്പോഴേക്കും ആളാകുന്നു. ചെന്നൈയിൽ താല്ക്കാലിക താമസം കഴിഞ്ഞു മടങ്ങുന്നവരോട്, ഇപ്പഴും താമസിക്കുന്നവരോട് ചോദിക്കുമ്പോളറിയാം, ഫ്രീ ആഡ്സ് ഒരു തവണയെങ്കിലും മറിച്ചു നോക്കിയിട്ടുണ്ടെന്ന്.

ഫ്രീ ആഡ്സ് ശുദ്ധനാണ്. നിറങ്ങളോ വർണ്ണങ്ങളോ ഇല്ലാതെ അടുക്കി ടൈപ്പ് ചെയ്തു പോലത്തെ പരസ്യങ്ങൾ 'നോട്ടീസ് ബോർഡ് ഓഫ് ചെന്നൈ'. വെറും നാലു കൊല്ലം കൊണ്ടുണ്ടായ പ്രചാരമാണിതെന്നുമറിയുക.

ഈ അത്ഭുത വിജയം കണ്ട് രണ്ടുവർഷം മുമ്പ് തൃശ്ശൂരിൽ നിന്നും Buy & Sell (ബൈ & സെൽ) എന്നൊരു സാധനം ഇറങ്ങിയിരുന്നു. (ഇപ്പോഴും ഉണ്ടോയെന്നറിയില്ല). ഇടനിലക്കാരെ മാത്രം വിശ്വസിച്ച് വീടുമുതൽ ആൺമക്കളെവരെ വിൽക്കുന്ന കേരളീയ സ്വഭാവം കേരളത്തിൽ 'ഫ്രീ ആഡ്സിന് ' ഗ്യാപ്പ് പോലും കൊടുക്കില്ല. തല്ലു മുതൽ എല്ലാം നേരിട്ടു മാത്രം ഇടപാടുള്ള തമിഴന്റെ സ്വഭാവം ചെന്നൈയിലെത്തുമ്പോൾ അച്ചടി രൂപത്തിലെത്തുന്നതാണ് ഫ്രീ ആഡ്സ് എന്ന ഇടനിലക്കാരനില്ലാത്ത ഇടപാടു പത്രം.

ആഗോള വാർത്തകളുമായി രാത്രി മുഴുവൻ മത്സരിച്ചെത്തി ന്യൂസ് സ്റ്റാന്റിന്റെ അയകളിൽ തൂങ്ങുന്ന "നാഷണൽ ഡെയിലികളെ" ക്കുളായി പിന്നിലാക്കി വ്യാഴാഴ്ച തോറും മഞ്ഞനിറത്തിൽ ഫ്രീ ആഡ്സ് നിരന്നു കിടക്കും. പരിസരവാസികളായ ചെന്നൈ നിവാസികളുടെ കൊച്ചു കൊച്ചു ആവശ്യങ്ങൾ നിറവേറ്റാനുള്ള പരസ്യങ്ങൾ വഹിച്ചു കൊണ്ട്.

ഒരു പത്രവും ഫ്രീ ആഡ്സിനെപ്പറ്റി എഴുതുന്നില്ല. കാരണം ആഗോളതലത്തിലെ കാര്യങ്ങൾ മുഴുവൻ തലയിൽ കയറിയില്ലെങ്കിൽ ചത്തുപോകും എന്ന രീതിയിലാണ് പത്രങ്ങൾ ഇറങ്ങുന്നതു തന്നെ. അപ്പോൾ പരസ്യങ്ങൾ മാത്രമുള്ള ഒരു പത്രം വാങ്ങാൻ ആളുകൾ കാത്തിരിക്കുന്നു എന്നത് വിളിച്ചു പറഞ്ഞാൽ, സ്വന്തം കഞ്ഞിയിൽ പൂഴി വാരിയിടുന്നതിന് തുല്യമല്ലേ?